"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കെ 26.09.2017-ൽ അന്തരിച്ച മാത്തൻ കാണിയുടെ മകൻ ശ്രീ. ബിജു എം-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ഫോറസ്റ്റ് വാച്ചർ തസ്തികയിൽ ജോലി നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ് )വകുപ്പ്

സ.ഉ.(കൈ) നം.12/2025/F&WLD തീയതി,തിരുവനന്തപുരം, 21-04-2025

---

പരാമർശം:- 1. 11.04.2022 ലെ എഫ്1/176/2020/വനം സർക്കാർ കത്ത്.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ എ NO.463/2024 കേസിന്മേലുള്ള 04.06.2024 തീയതിയിലെ ഉത്തരവ്.

3. ശ്രീ. ബിജു എം സമർപ്പിച്ച 27.01.2024 തീയതിയിലെ അപേക്ഷയും അനുബന്ധ രേഖകളും.

4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21.11.2024 തീയതികളിലെ ഇ6/2539/2024 നമ്പർ കത്ത്.

5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 04.03.2025 തീയതിയിലെ DCTVM/13433/2024-S6 നമ്പർ കത്തും അനുബന്ധരേഖകളും.

<u>ഉത്തരവ്</u>

വനം വന്യജീവി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി സേവനത്തിലിരിക്കെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയ, 26.09.2017-ൽ അന്തരിച്ച മാത്തൻ കാണിയുടെ മകൻ ശ്രീ. ബിജു എം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ, സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിന് അർഹതയില്ലെന്ന

പരാമർശം (1) ലെ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിരസിച്ചിരുന്നു.

2. ശ്രീ ബിജു എം -ഉം, മാത്തൻ കാണിയുടെ ഭാര്യ സരോജവും ഫയൽ ചെയ്ത ഒ എ 463/2024-കേസിൽ, ശ്രീ ബിജു എം. നു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, അപേക്ഷകൻ മറ്റുതരത്തിൽ അർഹനാണെങ്കിൽ ഉത്തരവിലെ നിരീക്ഷണങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ ജോലി നൽകാൻ പരമാർശം (2) പ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ ഉത്തരവാകുകയുണ്ടായി. ശ്രീ. ബിജു എം ജോലി ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (4) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

3. നെടുമങ്ങാട് തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ സരോജം(ഭാര്യ), ബീന (മകൾ) ബിജു (മകൻ) എന്നിവർ ആണ്. അപേക്ഷകന്റെ ജനനത്തീയതി 29.05.1986 ആണ്. ടിയാന് 3 8 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 30,000/- രൂപയാണെന്നും, മാത്തൻകാണിയുടെ ആശ്രിതനായിരുന്നു ശ്രീ. ബിജു എം. എന്നും ആര്യനാട് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഫോറസ്റ്റ് വാച്ചർ തസ്തികയിലേക്കാണ് ശ്രീ ബിജു എം. അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ശ്രീ. ബിജു എം. എട്ടാം ക്ലാസ്സ് പൂർത്തിയാക്കിയിട്ടുണ്ട്. അപേക്ഷകന് ജോലി നല്കുന്നതിനു പരേതന്റെ മറ്റു അവകാശികൾ സമ്മത മൊഴി നൽകിയിട്ടുണ്ട്. ആശ്രിത നിയമനം ലഭിച്ചാൽ പരേതന്റെ മറ്റു അവകാശികളെ സംരക്ഷിക്കാമെന്നു അപേക്ഷകൻ സംരക്ഷണ സമ്മത മൊഴി നൽകിയിട്ടുണ്ട്.

4. ശ്രീ. ബിജു എം. നു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. വനം വന്യജീവി വകുപ്പിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കെ 26.09.2017- ൽ അന്തരിച്ച മാത്തൻ കാണിയുടെ മകൻ ശ്രീ. ബിജു എം. ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ 23000-50200 ശമ്പള സ്കെയിലിൽ ഫോറസ്റ്റ് വാച്ചറായി ജോലി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് നിയമനം നൽകിക്കൊണ്ടുള്ള ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവം മറച്ചുവച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

6. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2)

ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &. ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ബിജു എം,തോട്ടരികത്തു വീട്,കരിപ്പാലം,മീനാങ്കൽ(PO)ആര്യനാട്,നെടുമങ്ങാട് PIN-695542 (Registered post).
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ് സി)വകുപ്പ്- ഇനം നം. 2859, തീയതി 16/04/2025 പ്രകാരം.)
വെബ് & ന്യൂ മീഡിയ.
കരുതൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 22-04-2025 10:53:33

സെക്ഷൻ ഓഫീസർ

പകർപ്പ്.
ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 16-04-2025

ഫയൽ നം. എഫ്3/85/2024/വനം.

ഇനം നം: 2859

വിഷയം : വനം-വന്യജീവി വകുപ്പ് - ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കെ അന്തരിച്ച മാത്തൻ കാണിയുടെ മകൻ ശ്രീ. ബിജു. എം.-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saarada

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വന്യജീവി വകുപ്പിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ 26.09.2017- ൽ അന്തരിച്ച മാത്തൻ കാണിയുടെ മകൻ ശ്രീ. ബിജു എം. നു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിനാധാരമായ വിഷയം.

2. 20 വർഷത്തിലേറെയായി വനം വകുപ്പിൽ താൽക്കാലികാടി സ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന മാത്തൻ കാണി ഉൾപ്പടെ 135 പേരെ 14.05.2015 ലെ സ.ഉ.(എം.എസ്) നം.29/2015/വനം.നം സർക്കാർ ഉത്തരവിലൂടെ സൂപ്പർന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തുകയുണ്ടായി. മാത്തൻ കാണിയുടെ മരണത്തെതുടർന്ന് ആശ്രിത നിയമനത്തിനായി ടിയാളുടെ മകൻ ശ്രീ. ബിജു എം. അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. സൂപ്പർ ന്യൂമററി തസ്തികയിലിരിക്കേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിക്കുകയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര, നിയമ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിന് അർഹതയില്ല എന്ന് 11.04.2022-ലെ എഫ് 1/176/2020/വനം നമ്പർ കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ അറിയിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബിജു എം. ന്റെ അപേക്ഷ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിരസിക്കുകയുണ്ടായി.

4. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിന് ഉള്ള അപേക്ഷ നിരസിച്ചതിനെതിരെയും, ഫാമിലി പെൻഷന് വേണ്ടിയും ബിജു എം.-ഉം, മാത്തൻ കാണിയുടെ ഭാര്യ സരോജവും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA. 463/2024-കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 04/06/2024-ലെ ഉത്തരവിൽ, ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിരീക്ഷിക്കുകയുണ്ടായി.

' The Compassionate Employment scheme was lastly modified through G.O (P) No. 12/1999/P&ARD dated 24.5.1999. In the scheme the eligibility criteria is fixed under paragraph 4 thereof, which is extracted below:-

" Applications from dependents of Government Servants who die-in-harness will be considered for employment assistance under the scheme 1; 'Government Servants' shall include Contingent and Work Establishment Personnel, Part-time Employees, N.M.R. Workers, Seasonal Employees under various Government Departments, Permanent Labourers of the Agriculture Department and Panchayat Employees. " It is evident that the dependents of Government servants who die-in-harness will be considered for employment assistance under the scheme and the term of Government servants includes, Contingent and Work Establishment Personnel, Part-time Employees, N.M.R. Workers, Seasonal Employees under various Government Departments and Permanent Labourers of the Agriculture Department and Panchayat Employees."

The denial of the compassionate employment to the 1st applicant merely on the basis that the regularisation was to a post which was created on supernumerary basis, cannot be justified in any manner. This is especially

in view of Annexure A4 and A5 wherein the Government had sanctioned employment on an identical situation.

5 . ബഹു കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ ബിജു എം. ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, അപേക്ഷകൻ മറ്റുതരത്തിൽ അർഹനാണെങ്കിൽ, ഉത്തരവിന്റെ പകർപ്പ് ലഭിച്ച ഉത്തരവിലെ നിരീക്ഷണങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ ഒരു മാസത്തിനകം ജോലി നൽകാനും, സരോജം ഫാമിലി പെൻഷന് അപേക്ഷ സമർപ്പിക്കുകയാണ് എങ്കിൽ ആയതിൽ ഉചിതമായ തീരുമാനം എടുക്കേണ്ടതാണ് എന്നും ഉത്തരവാകുകയുണ്ടായി .

6. വനം വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കെ മരണപ്പെട്ട ഡി. സുരേഷ് കുമാറിന്റെ മകനായ ശ്രീ. സജിൻരേഷിന് 19.09.2018 -ലെ ഇനം 2470 നമ്പർ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിന് അനുമതി നൽകി കൊണ്ടുള്ള സ.ഉ.(കൈ)നം. 41/2018/വനം തീയതി 25/09/2018-ന്റെ പകർപ്പാണ് മേൽ കേസിൽ അനക്ഷർ എ 4 ആയി നൽകിയിട്ടുള്ളത്. സമാനമായ കേസുകളിൽ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആശ്രിതനിയമനങ്ങൾ നൽകിയിട്ടുണ്ട്.

7. ശ്രീ. ബിജു എം.-ന് ആശ്രിത നിയമനം നൽകുന്ന വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെചേർക്കുന്നു.

'Para 4 of G.O (P) No. 12/1999/P&ARD dated 24.05.1999 "Applications from dependents of Government Servants who die-in-harness will be considered for employment assistance under the

scheme. 'Government Servants' shall include Contingent and Work Establishment Personnel, Part-time Employees, N.M.R. Workers, Seasonal Employees under various Government Departments, Permanent Labourers of the Agriculture Department and Panchayat Employees." Since temporary daily wage employees are not included in the list. The dependents of daily wage employees who were regularized in supernumerary posts are not eligible for employment assistance under CES.

In Forest Department, Compassionate Employment was granted to the dependent of daily wage employees who were regularized in supernumerary posts with the approval of Council of Ministers. As per existing orders there is no provision to give Compassionate Employment to either daily waged or supernumerary employees. Hence the application cannot be considered on the basis of existing orders in this regard.

8. ആശ്രിത നിയമനം നൽകുന്ന വിഷയത്തിലും ഫാമിലി പെൻഷൻ നൽകുന്ന വിഷയത്തിലും അഭിപ്രായം തേടിയപ്പോൾ, ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന റിമാർക്സ് നൽകുകയുണ്ടായി.

'08/11/2017 ലെ GO(P) No. 141/2017/Fin പ്രകാരം NPS-ൽ ഉൾപ്പെട്ട ജീവനക്കാർ സേവനത്തിലിരിക്കെ മരണമടഞ്ഞാൽ അവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. ടി കേസിൽ ശ്രീ. മാത്തൻ കാണി ദിവസവേതനാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുകയും 2013-ശേഷം സൂപ്പർ ന്യൂമററി തസ്തികയിൽ റെഗുലറൈസ് ചെയ്യപ്പെടുകയും ചെയ്ത വ്യക്തി ആണ്. സൂപ്പർന്യൂമററി തസ്തികയിൽ നിയമിതനായ വ്യക്തി ആയതിനാൽ ടിയാൾക്കു പങ്കാളിത്ത പെൻഷൻ പദ്ധതി ആയിരുന്നു ബാധകം.

അതുകൊണ്ടുതന്നെ കുടുംബ പെൻഷനു അർഹത ഇല്ല. എന്നാൽ ഇദ്ദേഹം NPS അംഗത്വം എടുത്തിട്ടില്ലാത്തതിനാൽ മേൽ പറഞ്ഞ ഉത്തരവ് ടിയാളുടെ കാര്യത്തിൽ പ്രായോഗികമല്ല അതുകൊണ്ടുതന്നെ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിക്കാൻ കഴിയില്ല. മേൽ സാഹചര്യത്തിൽ ശ്രീ. മാത്തൻ കാണിയുടെ ഭാര്യ ശ്രീമതി. സരോജത്തിനു കുടുംബ പെൻഷൻ അനുവദിക്കാൻ കഴിയില്ല'.

9. അപേക്ഷകന്റെ അവകാശവാദവുമായി ബന്ധപ്പെട്ട് എതിർ കക്ഷികളുടെ ഭാഗത്തു നിന്നും ഉണ്ടായ പ്രവർത്തി സ്വാഭാവിക നീതിയുടെ ലംഘനമാണെന്ന് ട്രിബ്യൂണൽ കണ്ടെത്തിയിട്ടുണ്ടെന്നും, വകുപ്പിൽ സമാനമായ മറ്റൊരു വ്യക്തിക്ക് അനുവദിച്ചിട്ടുള്ളതിനാൽ അന്തിമ ഉത്തരവ് നടപ്പാക്കാൻ മാത്രമേ കഴിയു എന്നും അതിനാൽ അപ്പീൽ ഫയൽ ചെയ്യാൻ സാധ്യതയില്ലെന്നും അഡ്വക്കേറ്റ് ജനറൽ നിയമ ഉപദേശം നൽകുകയുണ്ടായി.

10. നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

'On perusal of the order of KAT in OA 463/2024, it is learnt that the Hon'ble Tribunal arrived at the decision in view of Annexure A4 and A5, wherein the Government had sanctioned employment on compassionate grounds in an identical situation. Hence the Tribunal held that denial of the compassionate employment to the 1st applicant merely on the basis that the regularisation was to a post which was created on supernumerary basis, cannot be justified in any manner. Annexure A4 is a Government order granting appointment under the Compassionate Employment Scheme to the dependent of Sri. D. Suresh Kumar, a daily wage employee in the post of Masdoor Watcher, who was regularized in supernumerary post. Annexure A5, reply given under the RTI Act shows that the father of the person to whom

compassionate employment was sanctioned as per Annexure A4 died even prior to joining service, after the regularisation to the supernumerary post. Considering the above facts, it is clear that the Government had sanctioned employment under Compassionate Employment Scheme in an identical situation. AD has also stated that in many cases based on Cabinet decision, Govt. had sanctioned employment on compassionate grounds to the dependents of daily wage employees, who were regularised in supernumerary posts. In State of Karnataka v. C. Lalitha (2006) 2 SCC 747, the Hon'ble Apex Court has held that " Service jurisprudence evolved by this Court from time-to-time postulates that all persons similarly situated should be treated similarly. " On the basis of the above mentioned facts and in view of Apex Court's judgement, AD may be informed that the scope for successful appeal against the order dated 04/06/2024 in OA 463/2024 filed by Sri. Biju M & Ors is too remote and hence this department endorses the opinion of AG with regard to CES. In the case of Family pension application of Smt. Sarojam, the Tribunal has only directed to consider the same and take an appropriate decision without further delay. Hence AD is at liberty to consider the application and to take appropriate decision according to existing law and rules'.

11. ശ്രീ. ബിജു എം.ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകാമോ എന്ന ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുമ്പോൾ ചീഫ് സെക്രട്ടറി കണ്ട് സമർപ്പിക്കുന്നതിന് ബഹു മുഖ്യമന്ത്രി ഉത്തരവായി. തുടർന്ന് ചീഫ് സെക്രട്ടറി താഴെപറയും പ്രകാരം ഉത്തരവായി.

'വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി സേവനത്തിലിരിക്കെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 02.06.2015 ന് സ്ഥിരപ്പെടുത്തിയിരുന്ന മാത്തൻ കാണി 26.09.2017 ന് മരണപ്പെട്ടതിനെതുടർന്ന് അദ്ദേഹത്തിന്റെ മകൻ ബിജു.എം. ആശ്രിത നിയമനത്തിനായി സമർപ്പിച്ചിരുന്ന അപേക്ഷ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിരസിച്ചിരുന്നു.

സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചവരുടെ ആശ്രിതർക്ക് ആശ്രിത നിയമനത്തിന് അർഹതയില്ല. വനം വകുപ്പിൽ നിരവധി വർഷം വാച്ചർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവന്നിരുന്ന നിരവധി പേരെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിരുന്നു. അപ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമിച്ച ഫോറസ്റ്റ് വാച്ചർമാർ മരണപ്പെടുന്ന സാഹചര്യത്തിൽ ആവരുടെ ആശ്രിതർക്ക് മന്ത്രിസഭായോഗ തീരുമാനത്തിനു വിധേയമായി ആശ്രിത നിയമനം അനുവദിച്ചുവരുന്നുണ്ട്. അപ്രകാരം ശ്രീ. ബിജു. എം ന്റെ അപേക്ഷയും പരിഗണിക്കാവുന്നതാണ്. എന്നാൽ ആശ്രിത നിയമനത്തിനായി ആവശ്യമായ രേഖകൾ സഹിതം നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ആശ്രിത നിയമന വ്യവസ്ഥപ്രകാരം അപേക്ഷകനിൽ നിന്നും അപേക്ഷയും അനുബന്ധരേഖകളും വാങ്ങി പരിശോധിച്ച് ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്'

ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം അംഗീകരിച്ച് ബഹു. മുഖ്യമന്ത്രി ഉത്തരവായി

12. ശ്രീ. ബിജു.എം. സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കുകയുണ്ടായി. മരണപ്പെട്ട മാത്തൻ കാണിയുടെ അനന്തരാവകാശികളുടെ വിശദാംശങ്ങളും, അവരുടെ സമ്മതപത്രവും, അടക്കമുള്ള അന്വേഷണ റിപ്പോർട്ട് തിരുവനന്തപുരം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ടിയാന്റെ ജനനതീയതി 29/05/1986 ആണ്. ടിയാന് 38 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 30,000/- രൂപയാണെന്നും, മാത്തൻകാണിയുടെ ആശ്രിതനായിരുന്നു ശ്രീ ബിജു എം. എന്നും ആര്യനാട് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഫോറസ്റ്റ് വാച്ചർ തസ്തികയിലേക്കാണ് ശ്രീ ബിജു എം. അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഫോറസ്റ്റ് വാച്ചർ തസ്തികയിലേക്കുള്ള യോഗ്യത എഴാം ക്ലാസ്സാണ്. ശ്രീ. ബിജു എം. എട്ടാം ക്ലാസ്സ് പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം ആശ്രിത നായമനത്തിന് ടിയാൻ മറ്റ് തരത്തിൽ അർഹനാണ്.

**തീരുമാനിക്കേണ്ട വിഷയം**

വനം വന്യജീവി വകുപ്പിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ 26.09.2017- ൽ അന്തരിച്ച മാത്തൻ കാണിയുടെ മകൻ ശ്രീ ബിജു എം. ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ഫോറസ്റ്റ് വാച്ചറായി ജോലി നൽകുന്നതിന് അനുമതി നൽകാമോ?